# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4130 25.06.2014 - ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കുമോ; | (എ) കുടിവെള്ള ചാർജ്ജ് കുടിശ്ശിക സംബന്ധിച്ച് പരാതികൾ ലഭിക്കാറുണ്ട്. അത് ഇപ്പോൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ മാനേജിംഗ് ഡയറക്ടർ വരെയും പരാതിയുടെ സ്വഭാവം അനുസരിച്ച് പരിഹരിക്കാറുണ്ട്. കാലാകാലങ്ങളിൽ ജില്ലാതല അദാലത്തുകൾ സംഘടിപ്പിച്ച് കുടിശ്ശിക തീർപ്പാക്കൽ നടപടികൾ സ്വീകരിക്കാറുണ്ട്. താമസിയാതെ ജില്ലാ തലത്തിൽ ഒരു അദാലത്തുകൂടി സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) മിക്ക സ്ഥലങ്ങളിലും പൈപ്പുകൾ പൊട്ടി ജലം പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപാകതകൾ പരിഹരിച്ച് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെ വെള്ളക്കരം വർദ്ധനവ് ഉൾപ്പെടെയുള്ള നടപടികൾ നിർത്തിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) ഉണ്ട്. പൈപ്പുകൾ പൊട്ടി ജലം പാഴായിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അവ പരിഹരിച്ചുവരുന്നു. അധിക വിഭവ സമാഹരണം ലക്ഷ്യമാക്കിയാണ് വെള്ളക്കരം വർദ്ധിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ